catholicos@mosc.in
officeofthecatholicos@mosc.in

0481 - 2574323, 2578500
www.mosc.in

# The Malankara Orthodox Syrian Church
## CATHOLICATE OF THE EAST

**BASELIOS MARTHOMA MATHEWS III**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

**No. MOSC/CMM/271/2022** **August 05, 2022**

കർത്താവിൽ നമ്മുടെ പത്തനാപുരം മൗണ്ട് താബോർ ദയറാ സുപ്പീരിയർ, സെക്രട്ടറി, അംഗങ്ങൾ എന്നിവർക്ക് വാഴ്‌വ്!

പ്രിയരെ,
നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം 2022 ഓഗസ്റ്റ് മാസം 04-ാം തീയതി മൗണ്ട് താബോർ ദയറാ അങ്കണത്തിലെ തോമാ മാർ ദീവന്നാസ്യോസ് നഗറിൽ അനുഗ്രഹീതമായി ചേരുവാൻ സർവ്വശക്തൻ കൃപ ചെയ്തു. അതിശക്തമായ മഴയുടെയും പ്രളയത്തിന്റെയും പ്രതിസന്ധിക്കിടയിലും ലോകമെമ്പാടുമുള്ള നമ്മുടെ അസ്സോസിയേഷൻ അംഗങ്ങൾക്ക് യോഗത്തിൽ പങ്കുചേരുവാൻ സാധ്യമായത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനത്തിന്റെ നിമിഷങ്ങളായിരുന്നു. താബോർ മലയിലെ ആ പർണാശ്രമം സ്ഥാപിതമായി 100 വർഷങ്ങൾ പിന്നിടുന്നതോടൊപ്പം അഭിവന്ദ്യ തോമാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ 50-ാം ചരമവാർഷികവും, അഭിവന്ദ്യ സഖറിയാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ 25-ാം ചരമവാർഷികവും ഒരുമിച്ചെത്തുന്ന ത്രിവിധ ജൂബിലികളുടെ ഈ സംഗമവർഷത്തിൽ സമ്മേളിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ ദയറായുടെ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടും എന്നതിന് സംശയമില്ല. പരിശുദ്ധ സഭയ്ക്ക് അഭിമാനത്തിന്റെയും സംതൃപ്തിയുടെയും ആത്മ നിർവൃതിയുടെയും നിമിഷങ്ങളായിരുന്നു അസ്സോസിയേഷൻ സമ്മേളനദിനം എന്നത് നിങ്ങളോട് അറിയിക്കുന്നതിൽ നമുക്ക് അനൽപമായ സന്തോഷമുണ്ട്.

അസ്സോസിയേഷൻ നടത്തിപ്പിന്റെ ക്രമീകരണങ്ങളിൽ മൗണ്ട് താബോർ ദയറാ കൈക്കൊണ്ട എല്ലാ നേതൃപരമായ പ്രവർത്തനങ്ങൾക്കും സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ ദയറാ അംഗങ്ങളായ നിങ്ങളെയെല്ലാവരേയും നാം അനുമോദിക്കുന്നു. നിങ്ങളുടെ ഓരോരുത്തരുടെയും സേവനസന്നദ്ധമായ നേതൃത്വവും അദ്ധ്വാനവും വിലമതിക്കാനാവാത്തതാണ്. അസ്സോസിയേഷൻ യോഗത്തിൽ നേരിട്ട് പങ്കെടുത്ത എല്ലാവരും അതീവ സന്തോഷത്തോടെയാണ് മടങ്ങിപ്പോയത് എന്നത് നിങ്ങളുടെ പരിശ്രമങ്ങളുടെയും സമർപ്പണത്തിന്റെയും ഫലമായിട്ടാണെന്നാണ് നാം കരുതുന്നത്. നിങ്ങളുടെ ത്യാഗപൂർണ്ണമായ സേവനങ്ങൾ മലങ്കര സഭയ്ക്ക് മറക്കുവാൻ സാധിക്കുകയില്ല എന്നത് പ്രത്യേകം നാം നിങ്ങളെ അറിയിക്കുന്നു. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ദയറാ സുപ്പിരീയർ യൗനാൻ റമ്പാൻ, സെക്രട്ടറി ഫാ. ബെഞ്ചമിൻ മാത്തൻ, ദയറാ അംഗങ്ങൾ എന്നിവരെ മുക്തകണ്ഠം നാം പ്രശംസിക്കുന്നു. ദൈവം നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകട്ടെ.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ!

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**